# DIOCESE OF IRINJALAKUDA

Bishop's House, P.B. No.59, Irinjalakuda
Thrissur Dist., Kerala - 680 121, India
Ph : 0480 - 2826830, 2826820. Fax : 2825050
E-mail : ijkbph@gmail.com


Date :..................................

## സർക്കുലർ

മിശിഹായിൽ പ്രിയ സഹോദര വൈദികരെ, സ്നേഹമുള്ള സമർപ്പിതരെ, അത്മായ സഹോദരങ്ങളെ,

കൊറോണ വൈറസിന്റെ വ്യാപനം അനിയന്ത്രിതമായി തുടരുകയും കോവിഡ് രോഗികളുടെ എണ്ണം കേരളത്തിൽ വർദ്ധിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ തുടർന്നും നിരന്തരം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആരാധനാലയങ്ങൾ തുറന്ന് ജനപങ്കാളിത്തത്തോടെ കുർബ്ബാനയർപ്പിക്കുവാൻ അനുവദിക്കപ്പെട്ടിരിക്കുന്നത് വലിയ ദൈവകൃപയായി മനസ്സിലാക്കുന്നു. എന്നാൽ, നൽകപ്പെട്ട ജാഗ്രത നിർദ്ദേശങ്ങളും ആരോഗ്യവകുപ്പ് നൽകിയിട്ടുള്ള മുൻകരുതലുകളും കൃത്യമായി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു.

കോവിഡ് രോഗം മൂലം ആരെങ്കിലും മരിക്കുവാൻ ഇടയായാൽ അവരുടെ മൃതദേഹസംസ്കാരം വളരെ അനുഭാവത്തോടെ ഇടവക സെമിത്തേരിയിൽ നടത്തുവാൻ വികാരിയച്ചനും കൈക്കാരന്മാരും ഇടവക ജനം മുഴുവനും നേതൃത്വം നൽകേണ്ടതാണ്. ഇതെക്കുറിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്:

1. കോവിഡ് രോഗം മൂലം മരണമടഞ്ഞവരുടെ മൃതസംസ്കാരകർമ്മങ്ങൾ നടത്തുമ്പോൾ സർക്കാർ, ആരോഗ്യവകുപ്പ്, ജില്ല അധികാരികൾ, പോലീസ്, തദ്ദേശസ്വയംഭരണാധികാരികൾ എന്നിവരുടെ മുൻകരുതൽ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പാലിക്കണം.
2. മൃതദേഹം മറവു ചെയ്യുമ്പോൾ സെമിത്തേരിയിൽ സിവിൽ അധികാരികളുടെ നിർദ്ദേശങ്ങൾക്കനുസൃതമായ രീതിയിലുള്ള കുഴി എടുത്ത് മൃതദേഹം സംസ്കരിക്കേണ്ടതാണ്. ഓരോ ഇടവകാംഗത്തിനും അർഹതപ്പെട്ടതാണ് സെമിത്തേരിയിൽ അടക്കപ്പെടുക എന്നത്.
3. സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുവാൻ സൗകര്യമില്ലാത്തിടത്ത് സിവിൽ അധികാരികളുടെ നിർദ്ദേശപ്രകാരം ഇടവക പള്ളിയുടെ പറമ്പിൽ സൗകര്യമുള്ള സ്ഥലത്ത് അടക്കം ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു. നിശ്ചിത കാലാവധി കഴിയുമ്പോൾ പ്രസ്തുത സ്ഥലത്തുനിന്നും ഭൗതികാവശിഷ്ടങ്ങൾ എടുത്തു സെമിത്തേരിയിലേക്ക് മാറ്റേണ്ടതാണ്.
4. കൊറോണ വൈറസിന്റെ അനിയന്ത്രിതമായ വ്യാപനത്തിന്റെ പശ്ചാത്തലത്തിലും ജനങ്ങളുടെ അമിതമായ ഭീതിയുടെ അന്തരീക്ഷത്തിലും സെമിത്തേരികളിൽ സ്ഥലസൗകര്യങ്ങളുടെ അഭാവത്തിലും മൃതദേഹം ദഹിപ്പിക്കുവാൻ ഏറ്റവും അടുത്ത ബന്ധുക്കൾ രേഖാമൂലം സമ്മതം നൽകുകയോ സ്വന്തം മരണപത്രത്തിൽ സമ്മതം രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അനുവദിക്കാവുന്നതാണ്. ദഹിപ്പിച്ചതിനുശേഷം ഭസ്മം മൃതസംസ്കാരകർമ്മങ്ങളോടെ സെമിത്തേരിയിൽ അടക്കം ചെയ്യേണ്ടതാണ്.
5. സ്വന്തമായ സെമിത്തേരിയില്ലാത്ത ഇടവകകൾ നിലവിൽ മൃതദേഹം അടക്കം ചെയ്യുന്ന സ്ഥലത്തുള്ള പള്ളിയുടെ സെമിത്തേരിയിൽതന്നെ അടക്കം ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ ഇടവകജനത്തെ സൗകര്യപ്രദമായ രീതിയിൽ അറിയിച്ച് നടപ്പിൽ വരുത്തുവാൻ വികാരിയച്ചന്മാരും കൈക്കാരന്മാരും ശ്രദ്ധിക്കുമല്ലോ.

യേശുവിൽ സ്നേഹപൂർവ്വം,

+ Pauly Kannookadan

മാർ പോളി കണ്ണൂക്കാടൻ
ഇരിങ്ങാലക്കുട രൂപത മെത്രാൻ

EPARCHIAL CURIA * IRINJALAKUDA-680 121 *
685/20
02/07/20

രൂപതാഭവനം
02-07-2020